# പതിനഞ്ചാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
## (2023-2026)

**ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്**

**(2024 ജനുവരി 30-ാം തീയതി സമർപ്പിച്ചത്)**

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2014-2016)-യുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
# (2023-2026)

## ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

(2024 ജനുവരി 30-ാം തീയതി സമർപ്പിച്ചത് )

**സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2014-2016)-യുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | V |
| അവതാരിക | - | VII |
| റിപ്പോർട്ട് | - | 1 |

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

## (2023-2026)

### ഘടന

<u>**ചെയർമാൻ**</u> :

ശ്രീ. എം. എം. മണി, എം.എൽ.എ.

<u>**അംഗങ്ങൾ**</u> :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

<u>**നിയമസഭാ സെക്രട്ടേറിയറ്റ്**</u>:

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി. ഒ., അണ്ടർ സെക്രട്ടറി

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർമാനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി(2014-16)-യുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് [ The Kerala Registration of Psycho-Social Rehabilitation Centers of Mentally Ill Persons Rules, 2012 സംബന്ധിച്ചത് ] 2014 ഡിസംബർ 18-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച സർക്കാർ മറുപടി വിവിധ യോഗങ്ങളിലായി സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2023 സെപ്റ്റംബർ 29-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,<br>
ചെയർമാൻ ,<br>
സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,<br>
2024 ജനുവരി 30.

# റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2014-16)-യുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

## അദ്ധ്യായം I

പതിമൂന്നാം കേരള നിയമസഭയിലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2014-16)-യുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് 2014 ഡിസംബർ 18-ാം തീയതി സഭയിൽ സമർപ്പിച്ചു. Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act, 1995 (Central Act 1 of 1996)-ൻ കീഴിൽ പുറപ്പെടുവിച്ച The Kerala Registration of Psycho-Social Rehabilitation Centres of Mentally ill Persons Rules, 2012-ന കീഴിൽ പുറപ്പെടുവിച്ച. 543/2012, 1005/2013 എന്നീ എസ്.ആർ.ഒ.-കൾ സമിതി പഠനവിധേയമാക്കുകയുണ്ടായി. സർക്കാർ പുറപ്പെടുവിച്ച പ്രസ്തുത ചട്ടങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോയെന്ന് വിലയിരുത്തുന്നതിനും അവ പ്രായോഗിക തലത്തിൽ വരുമ്പോൾ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി, സാമൂഹ്യനീതി, ആരോഗ്യവും കുടുംബക്ഷേമവും, നിയമം, ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യം, ജലവിഭവം, ഊർജ്ജം, ധനകാര്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പ് ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, മാനസികാരോഗ്യ പുനരധിവാസകേന്ദ്രം ജീവനക്കാർ, പുനരധിവാസകേന്ദ്ര നടത്തിപ്പുകാർ , അന്തേവാസികൾ, സന്നദ്ധ സംഘടനാ പ്രവർത്തകർ എന്നിവരിൽ നിന്നും വിവിധ ഘട്ടങ്ങളിലായി 12/2/2014, 12/8/2014, 12/11/2014 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ചും 31/7/2014 ന് ആലപ്പുഴ വച്ചും ചേർന്ന തെളിവെടുപ്പ് യോഗങ്ങളിൽ സമിതിക്ക് ബോധ്യപ്പെട്ട വസ്തുതകളാണ് നിഗമനങ്ങളും ശിപാർശകളുമായി പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് സമിതി ഈ റിപ്പോർട്ടിൽ 27 ശിപാർശകൾ നൽകിയിരുന്നു. എല്ലാ ശിപാർശകളിന്മേലും സർക്കാരിൽ നിന്നും നടപടി പത്രിക ലഭിച്ചിട്ടുണ്ട്. ആരോഗ്യകുടുംബക്ഷേമം, ജലവിഭവം, ഊർജ്ജം, ഭക്ഷ്യപൊതുവിതരണം, പൊതുമരാമത്ത് എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമായ നടപടിപത്രികകൾ സമിതി വിവിധ യോഗങ്ങളിൽ അംഗീകരിച്ചിരുന്നു. എന്നാൽ 20 ശിപാർശകളിന്മേൽ സാമൂഹ്യനീതി വകുപ്പ്, 08.3.2023-ൽ മാത്രമാണ് മറുപടി ലഭ്യമാക്കിയത്. 2016-ൽ ആക്റ്റിൽ ഭേദഗതി വരുകയും 2020-ൽ പുതിയ ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്ത സാഹചര്യത്തിൽ 1995-ലെ ആക്റ്റിന്മേലുള്ള ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതില്ല എന്ന് 19.06.2023-ലെ സമിതി യോഗം തീരുമാനിക്കുകയുണ്ടായി.

## അദ്ധ്യായം II

സമിതി (2014-16)-യുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകൾ , ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ടുകൾ എന്നിവ ചുവടെ ചേർക്കുന്നു.

### ശിപാർശ (ഖണ്ഡിക 1-6, 9-17, 19, 20, 23, 25, 27)

സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 1-6, 9-17, 19, 20, 23, 25, 27 എന്നീ ശിപാർശകളിന്മേലുള്ള നടപടി പത്രിക, 2016-ലെ Rights of Persons with Disabilities Act, 19.04.2017-ൽ നിലവിൽ വരികയും, 1995-ലെ Rights of Persons with Disabilities (Equal opportunities, Protection of Rights and full participation) Act, റദ്ദാക്കുകയും ചെയ്ത സാഹചര്യത്തിൽ, പുതിയ ചട്ടങ്ങൾ നിലവിൽ വന്നതിനാൽ, മേൽ ശിപാർശകൾക്ക് പ്രസക്തി നഷ്ടപ്പെട്ട സാഹചര്യത്തിൽ. സാമൂഹ്യനീതി വകുപ്പ് 08.03.2023-ലെ ബി 4/80/2021/സാനിവ കത്ത് പ്രകാരം ലഭ്യമാക്കിയ നടപടി പത്രിക പരിഗണിക്കേണ്ടതില്ലെന്ന് സമിതി തീരുമാനിച്ചു.

### ശിപാർശ (ഖണ്ഡിക 7)

സൈക്യാട്രിസ്റ്റുകളുടെ ലഭ്യതക്കുറവ് കാരണം ചട്ടം 24(a) പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള മാനസികാരോഗ്യ പുനരധിവാസ കേന്ദ്രങ്ങളിൽ ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാം പ്രകാരം പരിശീലനം ലഭിച്ചിട്ടുള്ള മെഡിക്കൽ ആഫീസർ

മാസത്തിലൊരിക്കൽപോലും പരിശോധന നടത്താറില്ലെന്ന് ബോധ്യപ്പെട്ട സമിതി തിരുവനന്തപുരം ജില്ലയിലെ രീതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(ആരോഗ്യകുടുംബക്ഷേമ വകുപ്പ്)**

മാനസികാരോഗ്യ സേവനങ്ങൾ പ്രാഥമിക ആരോഗ്യ തലത്തിൽ തന്നെ ലഭ്യമാക്കുന്ന തിരുവനന്തപുരം മോഡൽ സംസ്ഥാനത്തൊട്ടാകെ നടപ്പാക്കുവാൻ സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതി സർക്കാർ നടപ്പിൽവരുത്തുകയുണ്ടായി . കുടുംബാരോഗ്യ കേന്ദ്രങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിൻ പ്രകാരം ആശമാരുടെ സേവനം ഉപയോഗിച്ച് മാനസിക പ്രശ്നങ്ങളും രോഗങ്ങളും ഉള്ളവരെ കണ്ടെത്തി അവരുടെ തൊട്ടടുത്തുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ തന്നെ ചികിത്സയും മറ്റും സേവനങ്ങളും ലഭ്യമാക്കുന്നു. ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്ന മുറയ്ക്ക് അവിടെയും ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

- ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിലെയും ആശ വർക്കർമാർക്ക് പരിശീലനം നൽകുന്നു.
- അവർ പഞ്ചായത്തിലെ എല്ലാ വീടുകളും സന്ദർശിച്ച് പ്രത്യേകം തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് മാനസികാരോഗ്യ പ്രശ്നങ്ങൾ ഉള്ളവരെ കണ്ടെത്തുന്നു.
- ഇത്തരത്തിൽ കണ്ടെത്തുന്നവർക്ക് FHC ൽ നടത്തുന്ന ക്യാമ്പിൽ എത്താനുള്ള നിർദ്ദേശം നൽകുന്നു.
- ജില്ല മാനസികാരോഗ്യ പരിപാടി (DMHP) യുടെ നേതൃത്വത്തിൽ ക്യാമ്പ് നടത്തുന്നു. തുടർന്ന് ഓരോ മാസം ഇടവിട്ട് 2 തുടർ ക്യാമ്പുകളും നടത്തുന്നു.
- അതിനുശേഷം അവിടത്തെ മെഡിക്കൽ ഓഫീസറുടെ കീഴിൽ എല്ലാ മാസവും മാനസികാരോഗ്യ ക്ലിനിക് നടത്തുന്നു.
- ഓരോ പഞ്ചായത്തിലും 50 മുതൽ 120 രോഗികളെ വരെ ഈ പദ്ധതിയിലൂടെ ചികിത്സയിലേയ്ക്ക് കൊണ്ടുവരാൻ കഴിയുന്നു.
- ഈ പദ്ധതി വഴി രോഗികൾക്ക് അവരുടെ പഞ്ചായത്തിൽ തന്നെ മനോരോഗ തുടർ ചികിത്സ ഉറപ്പാക്കുന്നു.

ഇതുവരെ (31/06/2019) 279 കുടുംബാരോഗ്യകേന്ദ്രങ്ങളിൽ 11532 പേരെ പുതുതായി കണ്ടെത്തി ചികിത്സയിലേക്ക് കൊണ്ടുവരികയുണ്ടായി. പദ്ധതി വഴി 16703 പേർക്ക് ഇപ്പോൾ അവരുടെ അടുത്തുള്ള കുടുംബാരോഗ്യകേന്ദ്രം വഴി മാനസികാരോഗ്യചികിത്സ ലഭ്യമാകുന്നു . 6699 ആശ വർക്കർമാർക്ക് മാനസികാരോഗ്യ പരിശീലനവും നൽകുകയുണ്ടായി.

(ആരോഗ്യകുടുംബക്ഷമ വകുപ്പിന്റെ 17/07/2019 ലെ 251575/ഇ 1/2015/ആകുവ നമ്പർ. കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി 05.08.2019 ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 8)**

ചട്ടം 25(c) പ്രകാരം മാനസികാരോഗ്യപുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് മരുന്ന് സർക്കാർ ആശുപത്രിയിൽ നിന്നും നൽകണമെന്നും മരുന്ന് സർക്കാർ ആശുപത്രിയിൽ ലഭ്യമല്ലായെങ്കിൽ മെഡിക്കൽ ആഫീസറുടെ കുറിപ്പടി പ്രകാരം സർക്കാരിന്റെ മൊത്ത വിതരണക്കാരിൽ നിന്ന് ലഭ്യമാക്കണമെന്ന് ചട്ടം 25(d) അനുശാസിക്കുന്നതായും നിരീക്ഷിച്ച സമിതി പല സ്ഥാപനങ്ങൾക്കും മരുന്ന് ലഭിക്കുന്നില്ലെന്ന് മനസ്സിലാക്കുകയും കെ.എം.എസ്.സി.എൽ-ന്റെ ലിസ്റ്റിൽ ഉൾപ്പെട്ട മരുന്നുകൾ വാങ്ങുന്നത് ആരോഗ്യവകുപ്പിന്റെയും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെയും ഇൻഡന്റ് അനുസരിച്ചാണെന്നും ആന്റി സൈക്യാട്രിക് മരുന്നുകൾക്ക് ടെൻഡർ വിളിച്ചാൽ എടുക്കാൻ ആളില്ലെന്നും മെന്റൽ ഹെൽത്ത് സെന്ററുകൾക്കും മാനസികാരോഗ്യ ആശുപത്രികളിലെ സൂപ്രണ്ടുമാർക്കും ലോക്കൽ പർച്ചേസിൽ മരുന്ന് വാങ്ങാൻ ആരോഗ്യവകുപ്പ് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും ബോധ്യപ്പെട്ട സമിതി മേൽ സൂചിപ്പിച്ച ഇൻഡന്റിൽ മാനസികാരോഗ്യ പുനരധിവാസ കേന്ദ്രങ്ങളെ കൂടി ഉൾപ്പെടുത്തുന്നതിന് ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(ആരോഗ്യകുടുംബക്ഷേമ വകുപ്പ്)**

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർക്കാർ മാനസികാരോഗ്യ പുനരധിവാസ കേന്ദ്രങ്ങളുടെ വിശദാംശങ്ങളും ടി കേന്ദ്രങ്ങളിലെ

ചികിത്സയ്ക്കാവശ്യമായ അവശ്യമരുന്ന് പട്ടികയിൽ ഉൾപ്പെട്ട മരുന്നുകളുടെ അളവും ലഭ്യമാക്കുവാനും തുടർ വർഷങ്ങളിലെ വാർഷിക ഇൻഡന്റിൽ ടി സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തുവാനും ആരോഗ്യ വകുപ്പ് ഡയറക്ടർക്കും ആരോഗ്യ വകുപ്പിൽ നിന്ന് അത്തരത്തിലൊരു ഇൻഡന്റ് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നൽകിയ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ആരോഗ്യകുടുംബക്ഷേമ വകുപ്പ് 12.11.2020-ലെ ബി3/244/2020/ആകുവ നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 12.02.2021-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

## ശിപാർശ (ഖണ്ഡിക 18)

മാനസികാരോഗ്യ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് ഡിസബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ബോധ്യപ്പെട്ട സമിതി അന്തേവാസികൾ താമസിക്കുന്ന പുനരധിവാസ കേന്ദ്രങ്ങളിൽ തന്നെ ക്യാമ്പ് സംഘടിപ്പിച്ച് സർട്ടിഫിക്കറ്റുകൾ നല്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുവാൻ ശിപാർശ ചെയ്യുന്നു.

## സ്വീകരിച്ച നടപടി

### (ആരോഗ്യകുടുംബക്ഷേമ വകുപ്പ്)

30.06.2012-ലെ GO(P) No. 39/2012/SWD ഗവ. ഉത്തരവിലെ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് മാനസിക രോഗം ഒരു വൈകല്യം ആയതിനാൽ സൈക്യാട്രി എം.ഡി. കഴിഞ്ഞ് 2 വർഷ പ്രവൃത്തി പരിചയമുള്ള ഡോക്ടർക്ക് മാനസിക വൈകല്യമുള്ളവർക്ക് സർട്ടിഫിക്കറ്റ് നല്കാവുന്നതാണ്. ഇതിന് സൈക്യാട്രിസ്റ്റിന്റെ സേവനം മാത്രം മതിയാകും. പുതിയ മാർഗ്ഗനിർദ്ദേശമനുസരിച്ച മാനസികാരോഗ്യ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് ഡിസബിലിറ്റി സർട്ടിഫിക്കറ്റ് കാലതാമസം കൂടാതെ നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നല്കിയതായി ഡി.എച്ച്.എസ്. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ആരോഗ്യകുടുംബക്ഷേമ വകുപ്പ് 01.07.2016-ലെ 18674/ജി2/2015/ആകുവ് നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മറുപടി 13.12.2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 21)**

മാനസികാരോഗ്യ പുനരധിവാസ കേന്ദ്രങ്ങളിൽ ബി . പി. എൽ. നിരക്കിലുള്ള വെള്ളക്കരമല്ല ഈടാക്കുന്നതെന്ന് മനസ്സിലാക്കിയ സമിതി ഇത്തരം സ്ഥാപനങ്ങളിൽ നിന്നും സൗജന്യ നിരക്കിൽ വെള്ളക്കരം ഈടാക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ ജലവിഭവവകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(ജലവിഭവ വകുപ്പ്)**

മാനസികാരോഗ്യ പുനരധിവാസ കേന്ദ്രങ്ങളിൽ സൗജന്യ നിരക്കിൽ കുടിവെള്ള വിതരണം നടത്തുന്നതിന് നിലവിൽ 1986-ലെ കേരള വാട്ടർ സപ്ലൈ ആന്റ് സ്വീവറേജ് ആക്ട് 14-ൽ നിയമം അനുശാസിക്കുന്നില്ല. 13.02.2012-ലെ ജി.ഒ. (ആർ.റ്റി.) നം. 1457/12/ജവിവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് ഗാർഹിക നിരക്കിൽ മാത്രമേ വാട്ടർ ചാർജ്ജ് ഈടാക്കി വരുന്നുള്ളൂ.

(ജലവിഭവ (ജല വിതരണ-സി) വകുപ്പ് 30.11.2017-ലെ സി 1/166/17/ജ.വി.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി 05.02.2018-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**ശിപാർശ (ഖണ്ഡിക 22)**

മാനസികാരോഗ്യ പുനരധിവാസ കേന്ദ്രങ്ങൾക്ക് വൈദ്യുതി ചാർജ്ജിനത്തിൽ ഭീമമായ തുക അടയ്ക്കേണ്ടി വരുന്നതായി ബോധ്യപ്പെട്ട സമിതി ചില സ്ഥാപനങ്ങൾക്ക് '6 ഡി' താരിഫിലും മറ്റുചില സ്ഥാപനങ്ങൾക്ക് '7 ഡി' താരിഫിലും വൈദ്യുതിചാർജ് നിർണ്ണയിക്കപ്പെടുന്നതായി മനസ്സിലാക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ എല്ലാ മാനസികാരോഗ്യ പുനരധിവാസ കേന്ദ്രങ്ങൾക്കും '6 ഡി' താരിഫിൽ വൈദ്യുതി ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ ഊർജ്ജ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(ഊർജ്ജ വകുപ്പ്)**

അനാഥാലയങ്ങൾ, അംഗൻവാടികൾ, ഭിന്നശേഷിയുള്ളവർക്കോ ശാരീരിക പരിമിതിയുള്ളവർക്കോ വേണ്ടിയുള്ള സ്കൂളുകൾ , ഹോസ്റ്റലുകൾ (മാനസിക പിന്നോക്കാവസ്ഥയുള്ള വിദ്യാർത്ഥികൾ , ബധിര/മൂക/അന്ധ/ശാരീരിക വൈകല്യമുള്ള ആളുകൾ ഉൾപ്പെടെ ), വയോജന മന്ദിരങ്ങൾ, ചെഷയർ ഹോമുകൾ, എസ്.ഒ.എസ്. ചിൽഡ്രൻസ് ഗ്രാമങ്ങൾ, പോളിയോ ഹോം, കാൻസർ അല്ലെങ്കിൽ പാലിയേറ്റീവ് കെയർ സെന്ററുകൾ, ട്രാവൻകൂർ-കൊച്ചി ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്തതും അവയിലേയ്ക്കുള്ള സംഭാവന ഇൻകംടാക്സ് ഒഴിവാക്കിയിട്ടുള്ളതും ആയ ചാരിറ്റബിൾ ഹോസ്പിറ്റൽ ഗൈഡൻസ് സെന്ററുകൾ മുതലായ സർക്കാർ അംഗീകൃത കാരുണ്യ സ്ഥാപനങ്ങൾക്ക് 2014-ൽ കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം എൽ.ടി.VI ജനറൽ (ഡി) എന്ന താരിഫിലാണ് വൈദ്യുതി നൽകി വരുന്നത്. ഒരു യൂണിറ്റിന് 1.80 രൂപയാണ് ഇപ്പോഴത്തെ വൈദ്യുതി നിരക്ക്. ടി നിരക്ക് ബി.പി.എൽ. അല്ലാത്ത ഗാർഹിക ഉപഭോക്താക്കൾ നൽകേണ്ട ഏറ്റവും കുറഞ്ഞ നിരക്കിനേക്കാളും ഒരു രൂപയോളം കുറവുമാണ്. മറ്റ് ഏതെങ്കിലും താരിഫിൽ പ്രസ്തുത സ്ഥാപനങ്ങൾ തെറ്റായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വൈദ്യുതി ബോർഡിന്റെ അതത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുമായി ബന്ധപ്പെട്ട് ഉടൻ പരിഹരിക്കാവുന്നതാണ്.

(ഊർജ്ജ (എ) വകുപ്പ് 30.01.2017-ലെ പി.ഡബ്ല്യു.ആർ-എ 1/1916/2015/ഊ.വ. കത്തു പ്രകാരം ലഭ്യമാക്കിയ ഇടക്കാല മറുപടി 13.12.2017 ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

**സ്വീകരിച്ച നടപടി**

**ഊർജ്ജ വകുപ്പ് (അന്തിമ മറുപടി)**

വൈദ്യുതി നിയമം-2003 പ്രകാരം സംസ്ഥാനത്തെ വൈദ്യുതിയുടെ നിരക്ക് നിശ്ചയിക്കുന്നതിനുള്ള പരമാധികാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി

കമ്മീഷനിൽ നിക്ഷിപ്തമാണ് . സംസ്ഥാനത്തിലെ എല്ലാ വിഭാഗങ്ങളിലേയും ഉപഭോക്താക്കളുടെ താരിഫ്, 26/06/2022-ൽ പ്രാബല്യത്തിൽ വരുന്ന വിധം 25/06/2022 ലെ താരിഫ് ഉത്തരവ് പ്രകാരം കെ .എസ്.ഇ.ആർ.സി പരിഷ്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഇപ്പോഴത്തെ സാമൂഹിക സാമ്പത്തിക അവസ്ഥ താരിഫ് പരിഷ്കരണ വേളയിൽ കെ .എസ്.ഇ.ആർ.സി. അനുഭാവപൂർവ്വം പരിഗണിച്ചിട്ടുണ്ട്. കൂടാതെ വർഷങ്ങളായി സംസ്ഥാന സർക്കാർ അംഗീകരിച്ച മാനസികാരോഗ്യ പുനരധിവാസകേന്ദ്രങ്ങൾ ഉൾപ്പെടുന്ന വിഭാഗങ്ങൾക്ക് എൽ .റ്റി '6 ഡി' താരിഫിൽ ചുവടെ ചേർക്കുന്ന നിരക്കിലാണ് വൈദ്യുതിചാർജ്ജ് നിർണ്ണയിക്കുന്നത്.

LT-VI

GENERAL(D)

| | |
|---|---|
| Fixed Charge (Rs/consumer/month) | 35.00 |
| Energy Charges (Rs/kWh) | 2.10 |

നിലവിൽ 25/06/2022 ലെ ഉത്തരവ് പ്രകാരം നിലവിൽ വന്ന താരിഫ് പരിഷ്കരണം മൂലം കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ ശരാശരി വിതരണ ചെലവ് യൂണിറ്റൊന്നിന് 6.1 രൂപാ നിരക്കിൽ നിന്നും 6.93 രൂപയായി വർദ്ധിച്ചിട്ടുണ്ടെങ്കിലും സാമൂഹിക-സാമ്പത്തിക അവസ്ഥകൾ പരിഗണിച്ച് സംസ്ഥാന സർക്കാർ അംഗീകരിച്ച മാനസികാരോഗ്യ പുനരധിവാസകേന്ദ്രങ്ങൾ ഉൾപ്പെടുന്ന വിഭാഗങ്ങൾക്ക് അനുവദിച്ചിരിക്കുന്ന എൽ .റ്റി '6 ഡി' താരിഫ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുതുക്കിയിട്ടില്ല.

(ഊർജ്ജ വകുപ്പ് 21.10.2022-ലെ എ 1/131/2022/ഊ.വ.നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ അന്തിമ മറുപടി 20/12/2022 -ൽ ചേർന്ന സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ (ഖണ്ഡിക 24)

ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ 5.3.2014-ലെ സ .ഉ.(സാധാ) നം.78/2014/ഭ.പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം മാനസികാരോഗ്യ പുനരധിവാസ

കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് അരി , ഗോതമ്പ് മുതലായ ഭക്ഷ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഇവ നൽകുന്നതിൽ കുറവ് വന്നതായി ബോധ്യപ്പെട്ട സമിതി ഈ വിഭാഗങ്ങൾക്ക് മേൽ പറഞ്ഞ ഭക്ഷ്യവസ്തുക്കൾ നൽകുന്നതിന് എന്തെങ്കിലും തടസ്സം നേരിട്ടിട്ടുണ്ടെങ്കിൽ അത് നീക്കം ചെയ്ത് ഉത്തരവനുസരിച്ച് അവ ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിനോട് ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(ഭക്ഷ്യപൊതുവിതരണ വകുപ്പ്)**

സംസ്ഥാനത്തെ എല്ലാ അംഗീകൃത സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെയും ഓരോ അന്തേവാസിയ്ക്കും പ്രതിമാസം 5 കി.ഗ്രാം അരി (25% പച്ചരി), 2 കി.ഗ്രാം ഗോതമ്പ്, 400 ഗ്രാം പഞ്ചസാര എന്ന നിരക്കിൽ റേഷൻ വിതരണം നടത്തുന്നുണ്ട്.

2014-2015 സാമ്പത്തിക വർഷത്തിൽ ടി സ്ഥാപനങ്ങൾക്കുള്ള കേന്ദ്ര അലോട്ട്മെന്റ് ലഭ്യമാക്കുവാൻ വൈകിയത് കാരണം റേഷൻ വിതരണം നടത്തുന്നതിൽ നേരിയ തടസ്സങ്ങൾ നേരിട്ടിരുന്നു . എന്നാൽ തന്നെയും വിതരണം മുടങ്ങാതിരിക്കാൻ വേണ്ട നടപടികൾ ജില്ലാ സപ്ലൈ ഓഫീസർമാർ സ്വീകരിച്ചിരുന്നു. സംസ്ഥാനത്ത് നിലവിൽ 57562 ഉപഭോക്താക്കൾക്കാണ് വെൽ ഫെയർ വിഹിതത്തിൽ നിന്ന് ഭക്ഷ്യധാന്യങ്ങളും പഞ്ചസാരയും ലഭിക്കുന്നത് . ഇത്രയും ഉപഭോക്താക്കൾക്ക് നിശ്ചയിച്ച അളവിൽ റേഷൻ വിതരണം നടത്തുന്നതിനായി പ്രതിമാസം 288 MT അരിയും 115 MT ഗോതമ്പും ആവശ്യമാണ്. എന്നാൽ 2015 - 2016 സാമ്പത്തിക വർഷത്തെ ആദ്യത്തെ ആറ് മാസത്തേക്ക് പ്രതിമാസം 148.55 ടൺ അരിയും 63.67 ടൺ ഗോതമ്പുമാണ് സംസ്ഥാനത്തിന് അനുവദിച്ചത്. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിലേക്ക് പ്രതിമാസം 75.707 ടൺ അരി മാത്രമേ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളൂ . കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അപര്യാപ്തത മൂലമാണ്

നിശ്ചയിച്ചിരിക്കുന്ന അളവിൽ വെൽഫെയർ സ്ഥാപനങ്ങൾക്ക് റേഷൻ നല്കുവാൻ സാധിക്കാതെ വരുന്നത്. സംസ്ഥാനത്തിന് ആവശ്യമായ അളവിൽ റേഷൻ സാധനങ്ങൾ. വെൽഫെയർ വിഹിതമായി അനുവദിയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഭക്ഷ്യ പൊതുവിതരണ വകുപ്പ് 23/03/2016 ലെ 144620/ഡി1/2015/ ഭ.പൊ.വി.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി 13/12/2017-ൽ ചേർന്ന സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 25)**

വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മാത്രമേ ചട്ടങ്ങളുടെ സുഗമമായ നടത്തിപ്പ് സാധ്യമാകുയെന്ന് അഭിപ്രായപ്പെട്ട സമിതി ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ചികിത്സയ്ക്കും പുനരധിവാസത്തിനുമായി സാമൂഹ്യനീതി വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും കൂട്ടായ പ്രവർത്തനം അത്യന്താപേക്ഷിതമാണെന്ന് വിലയിരുത്തുകയും ചട്ടങ്ങളിൽ നിഷ്കർഷിച്ചിരിക്കുന്ന തരത്തിൽ ഫലപ്രദമായ ഏകോപനമുണ്ടാക്കാൻ സാമൂഹ്യനീതി, ആരോഗ്യവും കുടുംബക്ഷേമവും എന്നീ വകുപ്പ് മേധാവികളോട് ആവശ്യപ്പെടുന്നു. ഇതു സംബന്ധിച്ച് കൈക്കൊണ്ട നടപടി റിപ്പോർട്ട് സമിതിക്ക് എത്രയും വേഗം സമർപ്പിക്കാൻ ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(അരോഗ്യകുടുംബക്ഷേമ വകുപ്പ്)**

അന്തേവാസികളുടെ ചികിത്സയ്ക്കും, പുനരധിവാസത്തിനുമായി സാമൂഹ്യനീതി വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും കൂട്ടായ പ്രവർത്തനത്തിലൂടെ വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കി വരുന്നു. മാനസികരോഗം ഭേദമായവരുടെ പുനരധിവാസത്തിനായി നിലവിൽ ആരോഗ്യ വകുപ്പ് ബനിയൻ , TISS, HANS Foundation എന്നീ സന്നദ്ധ സംഘടനകളുമായി ചേർന്ന് Half way Homes ആരംഭിക്കുന്നതിനായി MOU ഒപ്പുവയ്ക്കുകയും തുടർന്ന് 'സ്നേഹക്കൂട്' എന്ന പദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. ഈ പദ്ധതി പ്രകാരം മൂന്ന് മാനസികാരോഗ്യകേന്ദ്രങ്ങളിൽ നിന്ന് 100 ഓളം അന്തേവാസികളെ പുനരധിവസിപ്പിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യനീതി

വകുപ്പിന്റെ കീഴിൽ 8 ഓളം ആശാഭവനുകളും പ്രവർത്തിച്ചുവരുന്നു. മാനസിക രോഗികളുടെ പുനരധിവാസത്തിനായി സാമൂഹ്യനീതിവകുപ്പിന്റെ കീഴിൽ 'ദീനദയാൽ റിഹാബിലിറ്റേഷൻ സ്കീം ' നടപ്പാക്കി വരുന്നു. കൂടാതെ മാനസികാരോഗികളുടെ പുനരധിവാസത്തിനുള്ള മാർഗ്ഗരേഖ ആരോഗ്യവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട് . (ആരോഗ്യകുടുംബക്ഷമ വകുപ്പിന്റെ 17/07/2019 ലെ 251575/ഇ 1/2015/ആകുവ നമ്പർ. കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി 05.08.2019 ലെ സമിതി യോഗം അംഗീകരിച്ചു.)

**ശിപാർശ (ഖണ്ഡിക 26)**

മാനസികാരോഗ്യപുനരധിവാസ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാകുന്നില്ലെന്ന് മനസ്സിലാക്കിയ സമിതി ഇതു പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാനും നടപടി സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ സമിതിക്ക് ലഭ്യമാക്കാനും ശിപാർശ ചെയ്യുന്നു.

**സ്വീകരിച്ച നടപടി**

**(പൊതുമരാമത്ത് വകുപ്പ്)**

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ കീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിൽ നിന്നും മാനസികാരോഗ്യകേന്ദ്രങ്ങളുടെ ഫിറ്റ്നസുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാതിരുന്നതായി കാണിച്ചുകൊണ്ട് പരാതികളൊന്നും ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലും മറ്റ് അക്രഡിറ്റഡ് ഏജൻസികൾ മുഖേനയും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട് എന്നിരുന്നാലും ഫിറ്റ്നസ് നൽകുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും അപേക്ഷകൾ ലഭ്യമാകുന്ന പക്ഷം സത്വര നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി എല്ലാ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ജില്ലാ മേധാവികൾക്കും കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്. (പൊതുമരാമത്ത് വകുപ്പ് 20/10/2021-ലെ ഇ 3/365/2018/പൊമ.വ. (പാർട്ട് I) കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി 08.06.2022 ൽ ചേർന്ന സമിതിയോഗം അംഗീകരിച്ചു.)

എം.എം. മണി,

ചെയർമാൻ,

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.

തിരുവനന്തപുരം,

2024, ജനുവരി 30.